**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 576** **06-12-2022 - ൽ മറുപടിയ്ക്ക്**

**ചെലവ് ചുരുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ ചെലവ് ചുരുക്കലിനായി മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് ഈ സർക്കാർ നിലവിൽ വരുമ്പോൾ തന്നെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. അതു നിലവിലെ സർക്കാരും തുടർന്നു പോരുന്നു. |
| (ബി) | മേൽപ്പറഞ്ഞ ചെലവ് ചുരുക്കൽ ഉത്തരവുകൾ നിലനിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെയും വിവിധ ബോർഡ് കോർപ്പറേഷനുകളുടെയും കമ്മീഷനുകളുടെയും മറ്റ് സർക്കാർ അർദ്ധസർക്കാർ ഏജൻസികളുടെയും ആവശ്യത്തിനായി എത്ര പുതിയ കാറുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ഈ കാലയളവിൽ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പുതിയ കാറുകൾ വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടുവാനാവാത്ത സന്ദർഭങ്ങളിൽ കാറുകൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. പുതിയ കാർ വാങ്ങാൻ മന്ത്രിസഭയുടെ അനുമതി ലഭിക്കുന്നവയിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. അതുകൊണ്ടു തന്നെ വാങ്ങിയ എല്ലാ വാഹനങ്ങളുടെയും വിശദ വിവരങ്ങൾ ധനവകുപ്പിൽ ലഭ്യമാകണമെന്നില്ല. |
| (സി) | ഏതൊക്കെ മോഡൽ കാറുകൾ ആണ് വാങ്ങിയിട്ടുള്ളത്; ഓരോ മോഡലിന്റെയും വിലവിവരവും വാങ്ങിയ എണ്ണവും ഏതു വ്യക്തിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ആവശ്യത്തിനാണ് വാങ്ങിയത് എന്നും വ്യക്തമാക്കുമോ? | (സി) | പുതിയ കാറുകൾ വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടുവാനാവാത്ത സന്ദർഭങ്ങളിൽ കാറുകൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ |

| | | | |
|---|---|---|---|
| | | | അഭിപ്രായം നൽകാറുണ്ട്. പുതിയ കാർ വാങ്ങാൻ മന്ത്രിസഭയുടെ അനുമതി ലഭിക്കുന്നവയിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. അതുകൊണ്ടു തന്നെ വാങ്ങിയ എല്ലാ വാഹനങ്ങളുടെയും വിശദ വിവരങ്ങൾ ധനവകുപ്പിൽ ലഭ്യമാകണമെന്നില്ല. |

സെക്ഷൻ ഓഫീസർ